(എഫ്) ഈ ആയുധം ശേഖരിച്ചവരെ കണ്ടുപിടിച്ച് അവർക്കെതിരെ കേസെടുക്കുന്നുണ്ടോ;

(ജി) ഇല്ലാത്തപക്ഷം വീണ്ടും ആയുധം സംഭരിക്കുന്നതിന് ഇടയാക്കുമെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയുധം ശേഖരിച്ചവരെ കണ്ടെത്തി കേസെടുക്കുന്നതിനുള്ള ഉത്തരവാദിത്വം ആർക്കെല്ലാമാണ് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) രണ്ട് ഡി.ഐ.ജി. മാരടക്കം 62 പോലീസ് ആഫീസർമാരും 600 പോലീസ് കോൺസ്റ്റബിൾ/എം.എസ്.പി.ക്കാരും മൂന്ന് ബി.ഡി.സി. സംഘങ്ങൾ നാല് സ്നിഫർ ഡോഗ് സ്ക്വാഡുകൾ എന്നിവരെ കണ്ണൂരിൽ ആയുധങ്ങളും സ്ഫോടക വസ്തുക്കളും കണ്ടെത്തുന്നതിന് നിയോഗിച്ചിരുന്നു.

(ബി) 11-12-'99 മുതൽ 31-1-2000 വരെ തിരച്ചിൽ നടത്തി.

(സി) പോലീസ് സേനയിൽ നിലവിലുള്ള അംഗങ്ങളിൽനിന്നും ഇക്കാര്യത്തിനുവേണ്ടി ഒരു പ്രത്യേക സംഘം രൂപീകരിച്ച് ഇത് സംബന്ധിച്ച് ഡ്യൂട്ടിക്ക് നിയോഗിക്കുകയാണുണ്ടായത്.

(ഡി) സ്റ്റീൽ ബോംബുകൾ, നാടൻ ബോംബുകൾ, കുപ്പി ബോംബുകൾ, ഡിറ്റനേഴ്സ്, വലിയ പടക്കങ്ങൾ, സ്റ്റീൽ ബോംബ് നിർമ്മാണത്തിനുവേണ്ടിയാണെന്ന് സംശയിക്കപ്പെടുന്ന പാത്രങ്ങൾ, വാൾ, മഴു, കുന്തം, ത്രിശൂലം, കഠാര, ഇരുമ്പുദണ്ഡുകൾ, കത്തി, കൊടുവാൾ, പൊട്ടാസ്യം നൈട്രേറ്റ്, ഫ്യൂസ് വയർ, ചങ്ങല, ദണ്ഡുകൾ, അലുമിനിയം പൗഡർ എന്നിവയും കൂടാതെ ബോംബുകൾ നിർമ്മിക്കാൻ ഉപയോഗിക്കുന്ന ആണി, കുപ്പിചില്ല് ചണം, പശ തുടങ്ങിയവയും പിടിച്ചെടുത്തിട്ടുണ്ട്.

(ഇ) തെരച്ചിൽ പ്രധാനമായും ഈ അടുത്തകാലത്ത് സംഘർഷം ഉണ്ടായ സ്ഥലങ്ങൾ കേന്ദ്രീകരിച്ചാണ് നടത്തിയത്. ഇവിടങ്ങളിൽ കാണപ്പെട്ട സ്ഫോടകവസ്തുക്കളും ആയുധങ്ങളും പിടിച്ചെടുത്തിട്ടുണ്ട്.

(എഫ്)&(ജി)ആയുധങ്ങളും സ്ഫോടകവസ്തുക്കളും കണ്ടുപിടിച്ചതിനോടനുബന്ധിച്ച് കണ്ണൂർ ജില്ലയിൽ 32 കേസ്സുകൾ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു. മൂന്നു പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്. കേസെടുക്കുന്നതിനുള്ള അധികാരം അതാത് സ്റ്റേഷൻ ഹൗസ് ഓഫീസർമാരിൽ നിക്ഷിപ്തമാണ്.

കണ്ണൂർജില്ലയിൽ തളിപ്പറമ്പ് ടൗണിലും നടുവിലും ഉണ്ടായ അക്രമസംഭവങ്ങൾ

60(801)ശ്രീ. കെ.സി. ജോസഫ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2000 ഫെബ്രുവരി മൂന്ന്, നാല്, അഞ്ച് തീയതികളിൽ കണ്ണൂർ ജില്ലയിലെ തളിപ്പറമ്പ് ടൗണിലും നടുവിലും ഉണ്ടായ അക്രമസംഭവങ്ങൾ സംബന്ധിച്ച് പോലീസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഏതെല്ലാം വകുപ്പുകൾ അനുസരിച്ചാണ് കേസ് രജിസ്റ്റർ ചെയ്തതെന്നും കേസിലെ പ്രതികൾ ആരെല്ലാമാണെന്നും വെളിപ്പെടുത്തുമോ;

(സി) അക്രമസംഭവങ്ങളിൽ ആകെ എത്ര രൂപയുടെ നാശനഷ്ടങ്ങൾ ഉണ്ടായെന്നും ആർക്കെല്ലാമാണ് നാശനഷ്ടങ്ങൾ സംഭവിച്ചതെന്നും വെളിപ്പെടുത്തുമോ;

(ഡി) നടുവിൽ മുസ്ലീം പള്ളിക്ക്നേരെ ബോംബേറ് ഉണ്ടായത് സംബന്ധിച്ച് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ;

(ഇ) കുടിയാർമേല പോലീസ് സ്റ്റേഷനിൽ സമാധാന ചർച്ചയിൽ പങ്കെടുക്കാനെത്തിയ മുസ്ലീംലീഗ് പ്രവർത്തകരായ മുഹമ്മദ് കുഞ്ഞ്, ഹംസ എന്നിവരെ അക്രമിച്ചത് സംബന്ധിച്ച് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; എങ്കിൽ ഈ കേസിലെ പ്രതികൾ ആരെല്ലാമാണെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

(സി) കേസ് അന്വേഷണം നടന്നുവരുന്നു.

(ഡി ഉണ്ട്.

(ഇ) ഈ സംഭവത്തിൽ കുട്ടിയാൻമല പോലീസ് സ്റ്റേഷനിൽ ക്രൈം നംപർ 12/2000 ആയി കറുത്താണ്ടിന്റെ അകത്ത് സുലൈമാനും മറ്റ് രണ്ടു പേരേയും പ്രതികളായി കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

തലശ്ശേരി താലൂക്കിലെ അക്രമസംഭവങ്ങൾ

61(802)ശ്രീ. പി.ജെ. ഫ്രാൻസിസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ

(എ) 1999 ഡിസംബർ 1,2,3, എന്നീ തീയതികളിൽ തലശ്ശേരി താലൂക്കിലെ അക്രമ സംഭവങ്ങളിൽ മാലൂർ, മടനൂർ, ഇരിട്ടി, ആറളം, പാന്നൂർ, കൂത്തുപറമ്പ്, കൊളുവല്ലൂർ എന്നീ പോലീസ് സ്റ്റേഷനുകളിൽ എത്ര വീതം ക്രൈം കേസുകൾ രജിസ്റ്റർ ചെയ്തു എന്നു വ്യക്തമാക്കുമോ;

(ബി) മുകളിൽ പറഞ്ഞ ദിവസങ്ങളിൽ പാനൂർ പോലീസ് സ്റ്റേഷന്റെ അധികാര പരിധിയിൽ എത്ര കൊലപാതകങ്ങൾ നടന്നു; മേൽപ്പറഞ്ഞ ദിവസങ്ങളിൽ എത്ര ക്രൈം കേസുകൾ രജിസ്റ്റർ ചെയ്തു;

(സി) മുകളിൽ പറഞ്ഞ ദിവസങ്ങളിലെ സംഭവങ്ങളുമായി ബന്ധപ്പെട്ട് പോലീസിന്റെ എത്ര വാഹനങ്ങൾ നശിപ്പിക്കപ്പെട്ടു എന്ന് വ്യക്തമാക്കുമോ?

+ ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly